# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 534

29.01.2019 ൽ മറുപടിക്ക്

## വെള്ളനാതുരുത്തിൽ ഐ.ആർ.ഇ.നടത്തുന്ന ഖനന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ആലപ്പാട് വില്ലേജിൽപെട്ട 4.80 ഹെക്ടർ സ്ഥലത്തു ഖനനം നടത്തുന്നതിനും പന്മന, അയനിവേലി കുളങ്ങര, ആലപ്പാട് വില്ലേജുകളിൽപെട്ട 180 ഹെക്ടർ സ്ഥലത്തു ഖനനം നടത്തുന്നതിനും ഐ.ആർ.ഇ.എല്ലിന് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. വെള്ളനാതുരുത്തിലെ ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല. |
| (ബി) | ഇവിടെ ഏതെല്ലാം തരത്തിലുള്ള ഖനനപ്രവർത്തനങ്ങളാണ് നടക്കുന്നത്; ഏതെല്ലാം യന്ത്ര സംവിധാനങ്ങൾ ഖനനത്തിനായി ഉപയോഗപ്പെടുത്തി യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കര പ്രദേശത്തു നിന്നും ഡ്രെഡ്ജർ ഉപയോഗിച്ചുള്ള ഡ്രെഡ്ജിങും, കടൽതീരപ്രദേശത്തു എസ്കവേറ്റർ ഉപയോഗിച്ചുള്ള മണൽ നീക്കവും നടത്തുന്നുണ്ട്. |
| (സി) | ഇവിടെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടൽക്ഷോഭം മൂലം എത്ര ഹെക്ടർ സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടൽക്ഷോഭം മൂലം എത്ര ഹെക്ടർ സ്ഥലം നഷ്ടപെട്ടിട്ടുണ്ടെന്ന കൃത്യമായ വിവരം സർക്കാരിന്റെ പക്കൽ ലഭ്യമല്ല. |
| (ഡി) | ഇവിടെ കരയുടെ ശോഷണമുണ്ടാകുന്നതിന് ഖനനം മാത്രമാണോ കാരണം എന്നും ഖനനം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ; ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ? | (ഡി) | ആലപ്പാട് തീരപ്രദേശത്തു 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും, സുനാമിയും മൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. കൂടാതെ, ഖനന പ്രവർത്തനം മൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹു. മുഖ്യമന്ത്രി 16.01.2019-ന വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ |

സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**